നുള്ള നടപടി സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചട യ്ക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധന മാക്കി മാറ്റി പലിശ ബാദ്ധ്യത കുറയ്ക്കുക സാമാന സ്വഭാവമുള്ളതോ, എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക, തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സാങ്കേതിക പുനരുദ്ധാരണം ആവശ്യമായ വ്യവസായവകുപ്പിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിര ക്കിൽ തക്കസമയത്ത് ധനസഹായം നൽകുവാൻ ഒരു പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായവകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ നയ രൂപീകര ണത്തിന് സെക്ടർ തിരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചുവരുന്നുണ്ട്.

(ബി) 1997-98 ലെ കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചി രുന്ന കെൽട്രോൺ കൗണ്ടേഴ്സ് ലാഭത്തിലായി. കേരള സ്റ്റേറ്റ് കയർ കോർപ്പ റേഷന്റെ നഷ്ടം 30 ലക്ഷത്തിൽ നിന്നും 1 ലക്ഷമായി കുറയ്ക്കുവാൻ സാധി ച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സിറാമിക്സ് ലിമിറ്റഡ് തുടങ്ങിയ കമ്പനികളുടെ നഷ്ടം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1998-99ലെ പ്രവർത്തനഫലങ്ങൾ വിശകലനം ചെയ്തുവരുന്നതേയുള്ളൂ.

(സി) കഴിയുന്നിടത്തോളം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളു ടെയും മുഖ്യ ഭരണാധികാരികളായി അനുയോജ്യരായ വിദഗ്ധരെ നിയമിക്കു വാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ തല ത്തിൽ വിലയിരുത്തുന്നുണ്ട്. മൂന്നുമാസമെന്ന കാലാവധി എല്ലാ സ്ഥാപനങ്ങ ളുടേയും കാര്യത്തിൽ പ്രയോഗികമല്ല.

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വിദഗ്ദ്ധന്മാരും അതാത് സ്ഥാപനത്തിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മാനേജ്മെന്റ് ചർച്ച നടത്താറുണ്ട്.

10 (*130) മിച്ചഭൂമി വിതരണം

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിതരണത്തിനുവേണ്ടി എത്ര ഏക്കർ മിച്ച ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ഇ) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം സമയബന്ധിത മായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)മിച്ചഭൂമി സംബന്ധിച്ച കേസുകളിൽ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മായിൽ) :

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് വിതരണത്തിന് ലഭ്യമായ മുഴുവൻ മിച്ചഭൂമിയും സമയബന്ധിതമായി അർഹരായ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതു ആവശ്യത്തിന് നീക്കി വച്ച ഭൂമിയിൽ ഉപയോഗിക്കാതെ ബാക്കി കിടക്കുന്ന മിച്ചഭൂമിയിൽ വിതരണം യോഗ്യമായത് പരിശോധിച്ച് അവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാനത്ത് നടന്നുവരുന്നു. ഇതിലേക്ക് ലാന്റ് ബോർഡിൽ ലഭിച്ച എല്ലാ കേസുകളിലും ഡീ- റിസർവേഷൻ ഉത്തരവുകൾ നൽകിയിട്ടുള്ളതാണ്.

(സി) സംസ്ഥാനത്ത് 31.3.1999 വരെയുള്ള കാലയളവിൽ 96156 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1113 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഏറ്റെടുത്ത മിച്ചഭൂമി മുഴുവൻ സമയബന്ധിതമായി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്)പ്രത്യേക കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. മിച്ചഭൂമി സംബന്ധിച്ച കേസുകൾ എത്രയുംവേഗം തീർപ്പുകൽപ്പിക്കുന്നതിലേക്ക് കോടതി ആവശ്യപ്പെടുന്ന റിക്കാർഡുകളും മറ്റ് വിവരങ്ങളും കാലതാമസം കൂടാതെ കോടതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ലാ ആന്റ് ബോർഡ് കൈകൊണ്ടുവരുന്നു. കൂടാതെ കേസുകൾ അടിയന്തിരമായി തീർപ്പ് കല്പിക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ട് ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ ലാന്റ് ബോർഡ് അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

11 (*131) . റവന്യൂ കാർഡ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്നത്തേയ്ക്ക് എല്ലാവർക്കും റവന്യൂകാർഡ് നൽകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) റവന്യൂ കാർഡ് നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly